(എഫ്) സമയബന്ധിതമായ ചില പ്രത്യേക പ്രോജക്ടുകൾ ചെയ്തു തീർക്കുന്നതിനുവേണ്ടി മാത്രമാണ് കരാറടിസ്ഥാനത്തിൽ ചിലരെ നിയമിക്കേണ്ടി വരുന്നത്. ഈ ജോലി സ്ഥിര സ്വഭാവമുള്ളവയല്ല. ഈ സെന്ററിന്റെ സർവീസ് റൂൾസ് പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നവരെ സ്ഥിരപ്പെടുത്തുവാൻ വ്യവസ്ഥകളുമില്ല.

(ജി) ഈ സ്ഥാപനത്തിന്റെ സർവ്വീസ് റൂൾസ് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥിരമായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി എടുക്കുന്നതാണ്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള വികാസ് ഭവനിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

ബോട്ടാണിക്കൽ ഗാർഡന് അനുവദിച്ച തുക

51 (3241) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയം സെന്റർ ഫോർ എക്സലൻസ് പദ്ധതിയിൽപ്പെടുത്തി ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ബി) ഈ പദ്ധതി പ്രകാരം അംഗീകരിച്ച ഇനങ്ങൾക്കായി അനുവദിച്ച തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) ഈ പരിപാടിയ്ക്ക് വേണ്ടി ഏത്രപേരെ നിയമിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 78.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി & സി) ദേശീയ അന്തർദേശീയ മാർക്കറ്റിൽ നിന്നും വാങ്ങേണ്ട വില പിടിപ്പുള്ള ഉപകരണങ്ങൾ നിർമ്മാണപ്രവർത്തനങ്ങൾ എന്നിവ ഒഴികെയുള്ള അംഗീകരിക്കപ്പെട്ട ഇനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനും കെട്ടിട നിർമ്മാണത്തിനും ഉള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ഡി) ഏഴ് പേരെ നിയമിച്ചിട്ടുണ്ട്.

ബാച്ചിലർ ബാരക്സ്

52 (3242) ശ്രീ. കെ. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ സായുധസേനാ വിഭാഗത്തിൽ നിർമ്മാണം പൂർത്തിയായ ബാച്ചിലർ ബാരക്സ് താമസത്തിന് വിട്ടുകൊടുക്കുവാൻ കാലതാമസം ഉണ്ടാവാനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) ഈ ബാരക്സ് എന്ന് താമസത്തിനായി വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫാമിലി ക്വാർട്ടേഴ്സ് ലഭിക്കുവാനായി ധാരാളം പേർ അപേക്ഷ നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അപേക്ഷകർക്ക് ഫാമിലി ക്വാർട്ടേഴ്സ് ലഭിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) പുതിയ ക്വാർട്ടേഴ്സ് പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദവിവരങ്ങൾ നൽകാമോ ;

(എഫ്) ഇപ്പോൾ പണി തീരാതെ കിടക്കുന്ന ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നല്കാമോ ;

(ജി) ഹെഡ് കോൺസ്റ്റബിൾമാർക്കായി എത്ര ഫാമിലി ക്വാർട്ടേഴ്സുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ അവർക്ക് അനുവദിച്ചുകൊടുത്തത് എത്രയാണ്, എച്ച്.സി.മാരല്ലാത്തവർക്ക് അനുവദിച്ചുകൊടുത്തത് എത്രയാണ് ;

(എച്ച്) എത്ര എച്ച്. സി.മാർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഐ) എച്ച്. സി.മാരല്ലാത്തവരെ ഒഴിവാക്കി ഈ ഫാമിലി ക്വാർട്ടേഴ്സ് എച്ച്. സി. മാർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ വിശദാംശം നൽകാമോ ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലാ സായുധ സേനാ വിഭാഗത്തിലെ ബാരക്സുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ ബാരക്സിനോടനുബന്ധിച്ചുള്ള മെസ് ഫാളിൽ എൽ. പി. ജി. കണക്ഷൻ നൽകി ബർണറുകൾ ഫിറ്റ് ചെയ്യുന്നതിനായി ഒരു ഫ്ളാറ്റ് ഫോമും, സിലിണ്ടർ സൂക്ഷിക്കാൻ ഒരു ഷെഡും നിർമ്മിക്കേണ്ടതുണ്ട്. പ്രസ്തുത പണി പൂർത്തിയായാൽ ഉടൻ തന്നെ ബാരക്സ് താമസത്തിനായി വിട്ടുകൊടുക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മുൻഗണനാ ക്രമത്തിൽ ലഭ്യമായ ക്വാർട്ടേഴ്സുകൾ അപേക്ഷകർക്ക് അനുവദിച്ചിട്ടുണ്ട്.

(ഇ & എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്.

(ജി) ഹെഡ്കോൺസ്റ്റബിൾമാർക്കായി '97' ഫാമിലി ക്വാർട്ടേഴ്സുകൾ നിർമ്മിച്ചിട്ടുണ്ട്. അതിൽ '53' എണ്ണം അവർക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ട്. ബാക്കിയുള്ള '44' എണ്ണം മറ്റുള്ളവർക്ക് അനുവദിച്ചിട്ടുണ്ട്.

(എച്ച്) 50 എച്ച്. സി. മാർ അപേക്ഷ നൽകിയിട്ടുണ്ട്.

(ഐ) എ.സി/ആർ.ഐ/ആർ.എസ്.ഐ. എന്നിവർക്ക് മതിയായ ക്വാർട്ടേഴ്സുകൾ ജില്ലയിൽ ഇല്ലാത്തതിനാൽ ഇപ്പോൾ അവർ എച്ച്സി. ക്വാർട്ടേഴ്സിൽ ആണ് താമസിക്കുന്നത്. അവർക്ക് ക്വാർട്ടേഴ്സുകൾ ലഭിക്കുന്നമുറക്ക് ഒഴിവുകൾ വരുന്ന ക്വാർട്ടേഴ്സ് എച്ച്. സി.മാർക്ക് അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly